**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4054** **27-10-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി നിർവഹണം സംബന്ധിച്ച്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നല്കി അംഗീകാരം ലഭിച്ചിട്ടും ആദ്യ ഗഡു പോലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷയിൻമേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നല്കി അംഗീകാരം ലഭിച്ച് ഒന്നര വർഷത്തിന് ശേഷവും ആനുകൂല്യം ലഭിക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ അംഗീകാരം ലഭിച്ചിട്ടും ആദ്യ ഗഡു ലഭിക്കാത്ത ലൈഫ് ഗുണഭോക്താക്കൾ ആരും തന്നെ ഇല്ല. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ടി അപേക്ഷയിൻമേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ നഗരസഭയിൽ 58 പേരും കൂത്തുപറമ്പ് നഗരസഭയിൽ 5 പേരും ഡി.പി.ആർ-ൽ ഉൾപ്പെട്ടിട്ടും വീട് നിർമ്മിക്കാൻ കഴിയാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | കൂത്തുപറമ്പ് നഗരസഭയിൽ ഉൾപ്പെട്ട 5 പേർ പുതിയ ഡി.പി.ആർ ൽ (അഞ്ചാമത്തെ) ഉൾപ്പെട്ട ഗുണഭോക്താക്കളാണ്. അവർക്കുള്ള സി.എസ്.എം.സി അംഗീകാരം 16/08/2021 നാണ് ലഭിച്ചത്. 16/10/21- ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9534/എൻ/2015/കെ. എസ്.എച്ച്.ഒ കത്ത് പ്രകാരം മേൽ അംഗീകാരം കിട്ടിയ 5 പേർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ, കരാർ വെച്ച് ആദ്യ ഗഡു നൽകൽ, എം.ഐ.എസ് അറ്റാച്ച് ചെയ്യൽ തുടങ്ങിയ പ്രാരംഭ പ്രവൃത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മേൽ 5 ഗുണഭോക്താക്കൾക്ക് വേണ്ടി 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നഗരസഭ വിഹിതമായ 10,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പാനൂർ നഗരസഭയിൽ |

| | | | |
|---|---|---|---|
| | | | 16.10.21-ന് CSMC അംഗീകാരം ലഭിച്ച 58 ഗുണഭോക്താക്കൾക്ക് പുതിയ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിനും, PMAY-MIS-ൽ മുഴുവൻ ഗുണഭോക്താക്കളുടെയും അറ്റാച്ച്മെന്റ് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പാനൂർ നഗരസഭയിൽ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ